ഡോ. മത്യാസ് മുണ്ടാടൻ സി.എം.ഐ



# വാഴ്ത്തപ്പെട്ട ചാവറ അച്ചൻ സി.എം.ഐ സഭാ സ്ഥാപകൻ

വന്ദ്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സി.എം.ഐ സഭാ സ്ഥാപകനാണെന്നു പൊതുവേ ധാരണയുണ്ട്. സി.എം.ഐ സഭ സ്ഥാപിച്ചത് അദ്ദേഹം മാത്രമാണെന്ന് കരുതുന്നവരുമുണ്ട്. 1986-ൽ വാഴ്ത്തപ്പെട്ടവനെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ചശേഷം ഈ ധാരണയ്ക്കു പ്രസക്തി കൂടി. സഭാസ്ഥാപകന്മാരായി കണക്കാക്കപ്പെടുന്ന മറ്റു രണ്ടുപേരെ, ചാവറയച്ചന്റെ ഗുരുഭൂതനായ പാലയ്ക്കൽ തോമ്മാ മൽപാനച്ചനെയും ഇദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന പോരൂക്കര തോമ്മാ മൽപാനച്ചനേയും ഇന്ന് പലരും അറിയുകപോലുമില്ല. സി.എം.ഐ നിയമാവലിയിൽ സ്ഥാപകരെപ്പറ്റി പറഞ്ഞിരിക്കുന്ന ഉദ്ധരണി ഇതാണ് :

*ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ശ്ലൈഹികസഭയിലെ പാലയ്ക്കൽ തോമ്മാ, പോരൂക്കര തോമ്മാ, ചാവറ കുര്യാക്കോസ് ഏലിയാസ് എന്നീ സ്ഥാപക പിതാക്കന്മാരുടെ മിശിഹായിലുള്ള തീവ്രമായ ദൈവാനുഭൂതിയിൽനിന്ന് അതു (സി.എം.ഐ സ്നേഹ സമൂഹം) ജന്മംകൊണ്ടു.* (സി.എം.ഐ നിയമാവലി നമ്പർ 1).

സി.എം.ഐ സഭ മൂന്നു പേരെയും സ്ഥാപക പിതാക്കളായിട്ടാണ് ഗണിച്ചിരുന്നതെന്ന് ഈ ഉദ്ധരണിയിൽനിന്നും വ്യക്തമാണ് . എന്നാൽ, ഈ നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിൽ കാര്യങ്ങൾ അത്ര വ്യക്തമായിരുന്നില്ല. അഭിപ്രായവ്യത്യാസവുമുണ്ടായിരുന്നു. മൂത്ത രണ്ടുപേർ മാത്രമാണ് സ്ഥാപകർ എന്നും ചാവറയച്ചൻ പിന്നീടു വന്നതുകൊണ്ടു സ്ഥാപകരുടെ ഗണത്തിൽ പെടുത്തുന്നത് ശരിയല്ലെന്നും അഭിപ്രായമുള്ളവരുണ്ടായിരുന്നു. 1931-ൽ സഭയുടെ സ്ഥാപന ശതാബ്ദി ആഘോഷിച്ച അവസരത്തിൽ ഒരു അനുസ്മരണ ഗ്രന്ഥം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു: The Carmelite Congregation of Malabar. അതിന്റെ ഒന്നാം അധ്യായത്തിന്റെ തലക്കെട്ടുതന്നെ 'സഭയുടെ രണ്ടു സ്ഥാപകർ – മാതൃഭവനത്തിന്റെ ആരംഭം' എന്നാണ്. പാലയ്ക്കൽ, പോരൂക്കര അച്ചന്മാരെ മാത്രം ഇതിൽ സ്ഥാപകരായി ചിത്രീകരിക്കുന്നു.

1930കളിലാണ് ചാവറയച്ചനും സ്ഥാപകനാണെന്ന ആശയത്തിനു കൂടുതൽ പ്രചാരം കിട്ടിയത്. പക്ഷേ, അഭിപ്രായവ്യത്യാസങ്ങൾ കുറെയെല്ലാം പിന്നീടും തുടർന്നു. നാമകരണ നടപടികൾ തുടങ്ങിയതോടെ ചാവറയച്ചൻ മാത്രമാണ് സ്ഥാപകൻ എന്ന പ്രതീതി വളർന്നു. ഒരുപക്ഷേ , ഇന്നത്തെ തലമുറ മറ്റു രണ്ടുപേരെ കാര്യമായി ശ്രദ്ധിക്കുന്നുണ്ടെന്ന് തോന്നുന്നില്ല. നേരത്തെ ഉണ്ടായിരുന്ന സംശയങ്ങൾക്ക് നിദാനം ഒരുപക്ഷേ, വന്ദ്യ ചാവറയച്ചന്റെ തന്നെ പ്രതിപാദനങ്ങളായിരിക്കാം. അതേപ്പറ്റി താഴെ സൂചിപ്പിക്കുന്നതാണ്. അതിനു മുൻപ് സ്ഥാപനചരിത്രം ഹ്രസ്വമായി വിവരിക്കട്ടെ.

### സി.എം.ഐ സഭാസ്ഥാപനചരിത്രം

മാർത്തോമ്മാ ക്രൈസ്തവരുടെ ഇടയിൽ പതിനാറാം
നൂറ്റാണ്ടിനു മുമ്പുതന്നെ സന്യാസ ജീവിതം ഉണ്ടായിരു
ന്നുവെന്നതിന് തെളിവുകൾ ഉണ്ട്. പതിനേഴാം നൂറ്റാ
ണ്ടിന്റെ ആരംഭത്തിൽ ഗീവർഗീസ് ആർച്ച് ഡീക്കൻ
മുൻകൈയെടുത്ത് സന്യാസജീവിതം പുനർജീവിപ്പിക്കു
ന്നതിനു പരിശ്രമിച്ചു. 'വിശുദ്ധ തോമസിന്റെ സന്യാസ
സഭ' എന്ന നാമത്തിൽ ഇടപ്പള്ളിയിൽ ഒരു ആശ്രമം ആരം
ഭിച്ചു. കൂനൻ കുരിശു ബഹളത്തോടെ (1653) അതു നിന്നു
പോയി എന്നാണ് തോന്നുന്നത്. അതിനെപ്പറ്റി സൂചന
യൊന്നും പിന്നീട് കാണുന്നില്ല. അതിനുശേഷം ഏതാണ്ട്
രണ്ടു നൂറ്റാണ്ടുകൾ സന്യാസജീവിതത്തിനുള്ള അവരുടെ
ഇച്ഛ സുപ്താവസ്ഥയിലായിരുന്നു. അത് ഉദ്ദീപിപ്പിച്ചത്
വിശുദ്ധരായ പാലക്കൽ പോരൂക്കര തോമ്മാച്ചന്മാർ, ചാവറ
കുര്യാക്കോസച്ചൻ എന്നീ മൂവരാണ്. (കാണുക
Mundadan , History and Beyond 1997:156ff) അത് 19-ാം
നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലായിരുന്നു. പോരൂക്കര അച്ചൻ
വൈദികനാകുന്നതിനു മുമ്പുതന്നെ വനവാസം ആഗ്രഹിച്ചു
തുടങ്ങിയതായി സൂചനയുണ്ട്. പാലയ്ക്കലച്ചനാകട്ടെ,
പള്ളിപ്പുറത്തു സെമിനാരിയിൽ സ്വന്തം ശിഷ്യരുമൊത്ത്
ഒരു സന്യാസജീവിതംതന്നെ നയിച്ചിരുന്നുവെന്ന് പറയാം,
ഡൊമിനിക്കൻ സഭാ ചൈതന്യത്തിൽ. പ്രാർത്ഥന, തപസ്,
പഠനം, ക്രമമായ സമൂഹജീവിതം, അജപാലനോന്മുഖത
ഇവയെല്ലാം ഒത്തിണക്കി പോയിരുന്ന അദ്ദേഹത്തിന്റെ
സന്യാസസമമായ ജീവിതശൈലിയെക്കുറിച്ചു അരുമശി
ഷ്യൻ വിശദമായി വിവരിക്കുന്നുണ്ട്. (കാണുക ചാവറയ
ച്ചന്റെ സമ്പൂർണ കൃതികൾ: 1, 2, 3, 8, 25, 32f, 38-42;
പോരൂക്കര 1, 2, 3, 9, 33 etc).

പഠനവും അറിവും വിശുദ്ധിയും കൈമുതലായി ഉണ്ടാ

യിരുന്ന ഈ രണ്ട് അച്ചന്മാരോട് ചാവറയച്ചനും ഒത്തുകൂ
ടിയപ്പോൾ സന്യാസാശ്രമം എന്ന ആശയം മുളയെടുത്തു.
വരാപ്പുഴ വികാരി അപ്പസ്തോലിക്ക മൗറീലിയൂസ് സ്തബി
ലീനി (1827-31) അതിനുള്ള അനുവാദവും നൽകി (1829)..
പള്ളികളും വ്യക്തികളും ധനസഹായം ചെയ്തു.
സുദീർഘവും ക്ലേശപൂർണവുമായ സ്ഥലാന്വേഷണത്തിന്റെ
അവസാനം മനോഹരമായ ഓലൻകണ്ണാമുകളെന്ന മാന്നാനം
കുന്നു കണ്ടെത്തി. ഉദാരമതികളായ തയ്യിൽ (പെരുമാലിൽ)
കുര്യൻ തരകനും അനുജൻ തയ്യിൽ കൊച്ചുപോത്തൻ മാപ്പി
ളയും ആ കുന്ന് ആശ്രമത്തിനായി വിട്ടുകൊടുത്തു. ചാവ
റയച്ചന്റെ ഭാഷയിൽ 'വെള്ളസൗഖ്യവും സ്ഥലസൗഖ്യവും'
ഒത്തു ചേർന്ന ഒരു സ്ഥലമാണ് അവർ അന്വേഷിച്ചു നട
ന്നത്. ലോകബഹളങ്ങളിൽ നിന്ന് അകന്ന് നിശബ്ദതയിൽ
പ്രാർത്ഥിക്കുവാനും തപസുചെയ്യുവാനുമുള്ള കുന്ന് ; ജന
ങ്ങളോട് സമ്പർക്കം പാലിക്കാൻ, വള്ളത്തിൽ സഞ്ചരിക്കാൻ
വെള്ളവും ആവശ്യമായിരുന്നു. രണ്ടും സമ്മേളിച്ച ഒരു
സ്ഥലമായിരുന്നു മാന്നാനത്ത് അവർ കണ്ടെത്തിയത്. 1831
മേയ് 11-ന് ആശ്രമത്തിന് കല്ലിട്ടു. അതിനുശേഷം പണി
കൾ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ അസൗകര്യങ്ങൾ
വകവയ്ക്കാതെ അച്ചന്മാർ അവിടെ താമസിച്ചുതുടങ്ങുകയും
ചെയ്തു. 1841-ൽ പാലക്കലച്ചനും 1846-ൽ പോരൂക്കരയ
ച്ചനും മരിച്ചു. അതോടെ പൂർണ്ണ ഉത്തരവാദിത്വം ചാവറയ
ച്ചൻ ഏറ്റെടുത്തു. വ്യവസ്ഥാപിതമായ ഒരു നിയമാവലി
ക്കുവേണ്ടിയുള്ള പരിശ്രമം 1855-ൽ സഫലമായി. അന്നത്തെ
വികാരി അപ്പസ്തോലിക്ക ബർണഡിൻ ബച്ചിനേള്ളി നവീ
കൃത കർമ്മലീത്തരുടെ നിയമങ്ങൾ അൽപം മിനുക്കുപ
ണികളോടെ അവർക്കു നൽകി. അതനുസരിച്ച് വാഴ്ത്ത
പ്പെട്ട ചാവറയച്ചനും മറ്റു പത്തു വൈദികരും പരസ്യമായി
സന്യാസ വ്രതങ്ങൾ എടുത്തു. പുതിയ നിയമാവലി
പ്രകാരം അവരുടെ ജീവിതശൈലിക്ക് -ഡൊമിനിക്കൻ
രീതിക്ക് -കുറെയൊക്കെ മാറ്റം വന്നു. എന്നാൽ, കാതലായ
ആഭിമുഖ്യങ്ങൾ പഴയതുപോലെ തുടർന്നു.

## ചാവറയച്ചനും സഭാസ്ഥാപനവും

വാഴ്ത്തപ്പെട്ട ചാവറയച്ചൻ സഭാസ്ഥാപന ആരംഭം
വിവരിക്കുമ്പോൾ പാലയ്ക്കലച്ചനും ("ആശ്രമസ്ഥാപകൻ")
പോരുക്കരയച്ചനും ("ഞങ്ങളുടെ തലവനും [പാലക്കൽ
കാലം ചെയ്തശേഷം അദ്ദേഹമായിരുന്നു തലവൻ] രണ്ടാ
മത്തവനും ആയ പോരൂക്കര തൊമ്മിമൽപാന
ച്ചൻ",(കാണുക സമ്പൂർണ കൃതികൾ 41, 55) ചേർന്നാണ്
സ്ഥാപനത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചത് എന്ന പ്രതീതി
യാണ് ഉണ്ടാകുക. താൻ പിന്നീട് സഹായിക്കുകയാണുണ്ടാ
യതെന്നും (കാണുക സം.കൃ. 26). പക്ഷേ, പ്രചോദന
ത്തെയും ആദ്യകാല സംരംഭങ്ങളെയും പറ്റി പറയുന്നവിധം
നോക്കിയാൽ നമുക്കനുഭവപ്പെടുന്നത് ചാവറയച്ചൻ
അവയോട് അങ്ങേയറ്റം താദാത്മ്യം പ്രാപിക്കുന്നതും അതി
ലൊക്കെ വികാര തീവ്രതയോടെ പങ്കുവഹിക്കുന്ന
തുമായാണ്. ഇതിനു പ്രധാന കാരണം സ്വന്തം ഗുരുഭൂത
നോടും അദ്ദേഹത്തിന്റെ എല്ലാ പരിപാടികളോടും ചാവറ
യച്ചനുണ്ടായിരുന്ന ഉറ്റ പ്രതിബദ്ധതയായിരിക്കണം. ഗുരു
ഭൂതനായ പാലയ്ക്കലിന് ഈ ഉത്തമ ശിഷ്യനെ സഭാസ്ഥാ
പന പ്രസ്ഥാനവുമായി ബന്ധപ്പെടുത്തണമെന്ന നിയോഗം
ആദ്യംമുതൽക്കുതന്നെ ഉണ്ടായിരുന്നുവെന്നാണ് തോന്നു
ന്നത്. ശിഷ്യനാകട്ടെ പുതിയ ഉദ്യമത്തിന്റെ പ്രചോദനവും
ഉദ്ദേശ്യവും തുടക്കംമുതലേ സ്വായത്തമാക്കിയിരിക്കണം.

ചാവറയച്ചൻ നേരിട്ടു രംഗത്തു വരുന്ന അവസരങ്ങ
ളിൽ ചിലത് ഒന്നു പരിശോധിച്ചു നോക്കാം. പട്ടമേൽക്കു
ന്നതിനു മുമ്പുതന്നെ സ്ഥലാന്വേഷണ പ്രക്രിയയിൽ ചില
പ്പോഴെല്ലാം പങ്കുചേർന്നിട്ടുണ്ട്. മൂന്നാം പ്രാവശ്യം സ്ഥലം
അന്വേഷിക്കാൻ പോയ സംഘത്തിലാണെന്നു തോന്നുന്നു
ആദ്യമായി പങ്കെടുത്തത്. മറ്റു വൈദിക വിദ്യാർത്ഥികളും
പോകാൻ ആഗ്രഹം കാണിച്ചെങ്കിലും പാലക്കലച്ചൻ ചാവ
റയച്ചനെ മാത്രമേ കൊണ്ടുപോയുള്ളുവെന്നത് ശ്രദ്ധേയ
മാണ്. അതുപോലെതന്നെ, മാന്നാനത്തെ കാര്യങ്ങൾ
എങ്ങനെ പോകുന്നുവെന്നന്വേഷിക്കുവാൻ ഈ ശിഷ്യനെ
യാണ് ഗുരു നിയോഗിച്ചത് (കാണുക സ.കൃ. 19, 20). പാല
ക്കലച്ചനും ശിഷ്യനും തമ്മിലുണ്ടായിരുന്ന ഉറ്റബന്ധത്തെ
ചാവറയച്ചൻ വിവരിക്കുന്നത് എടുത്തു പറയേണ്ടതുണ്ട്.
പാലക്കലച്ചന്റെ ജീവചരിത്രം എഴുതാൻ താൻ എത്ര കട
പ്പെട്ടവനാണെന്നു സൂചിപ്പിക്കുന്നതു നോക്കുക:

*ഈ കാര്യം നിറവേറ്റുവാൻ എനിക്ക് എത്രയോ കട
മായിരിക്കുന്നു.... പൈതൽ പ്രായം മുതൽ ആത്മത്തിന
ടുത്തതും ശരീരത്തിനടുത്തതുമായ രണ്ടു സംഗതികളിലും*

*മാന്നാനത്ത് സി.എം.ഐ. സഭാ സ്ഥാപനം;
ഭൂമിപൂജ (രാമചന്ദ്രൻ മാസ്റ്ററുടെ പെയിന്റിംഗ്)*



*അദ്ദേഹംതന്നെ അന്വേഷിച്ചു നടത്തി പഠിപ്പിച്ചു വളർത്തി. അദ്ദേഹത്തിന്റെ മരണം വരെയും മാംസത്തിനടുത്ത സംബന്ധക്കാരിലും അരൂപിക്കടുത്ത മക്കളായ ശിഷ്യരിലും അധികമായിട്ടുള്ള താൽപര്യവും എന്റെ മേൽവച്ചു. അദ്ദേഹത്തിന്റെ സമ്പത്തിനവകാശി എന്നപോലെ താൻ താൽപര്യം വച്ചു സ്നേഹിച്ചു എന്ന സമ്പത്തായ ഈ കൊവേന്തയുടെ വേലയ്ക്കും എന്നെ ചുമതലപ്പെടുത്തിയും വച്ച് മരിക്കുകയും ചെയ്തു* (സ.കൃ. 59).

ഇതൊക്കെയാണെങ്കിലും സഭാരംഭത്തെപ്പറ്റി ചാവറയച്ചൻ എഴുതുമ്പോൾ അതു പൂർണ്ണമായും ആദ്യത്തെ രണ്ടുപേരിലേക്ക് ഒതുക്കി നിർത്തുന്നതുപോലെയാണ് തോന്നുക. 1831 മേയ് 11-ാം തീയതിയാണല്ലോ ആശ്രമത്തിന്റെ തറക്കല്ലിട്ടത്. അതുകഴിഞ്ഞുണ്ടായ ബുദ്ധിമുട്ടേറിയ വർഷങ്ങളെ ("ഞെരിക്കിട")ക്കുറിച്ച് എഴുതുമ്പോൾ അദ്ദേഹം പറയുകയാണ്: *എന്നാൽ, ഇതിനുള്ള (മാന്നാനത്തെ പ്രയത്നങ്ങൾക്ക് ) പ്രധാനികളും വേലക്കാരും മനസുകാരും എല്ലാം ഈ അച്ചന്മാരു രണ്ടും [പാലക്കൽ, പോരൂക്കര] തന്നെ* (സ.കൃ. 26).

കഥാനായകൻ ഇത്തരത്തിൽ ആ രണ്ടു പിതാക്കന്മാരെ ഉയർത്തിക്കാണിക്കുന്നതായിരിക്കും അവർ മാത്രമാണ് സ്ഥാപകരെന്ന ചിലരുടെ നിഗമനത്തിന് ഒരു കാരണം.എന്നാൽ, വേറെ പല വസ്തുതകളും പ്രമുഖരായവരുടെ സാക്ഷ്യങ്ങളും പരിഗണിച്ചാലേ ചിത്രം വ്യക്തമാകുകയുള്ളു.

(1831-ൽ സ്തബിലീനി സ്ഥാനമൊഴിഞ്ഞു. പകരം വന്ന പെഷേത്തോ മെത്രാൻ ആദ്യമൊക്കെ പിതാക്കന്മാരോട് വലിയ ലോഹ്യം കാണിച്ചില്ല. വേറെയും പല വൈഷമ്യങ്ങൾ ഇക്കാലത്തുണ്ടായിട്ടുണ്ട്.)

## സ്ഥാപകനാണെന്നു കരുതാനുള്ള ന്യായങ്ങൾ

മുകളിൽ കൊടുത്തിരിക്കുന്ന ഉദ്ധരണിക്കുശേഷമാണ് തന്റെ നേരിട്ടുള്ള രംഗപ്രവേശനത്തെപ്പറ്റി ചാവറയച്ചൻ സൂചനകൾ നൽകുന്നത്. ചെറുപ്രായം മുതലേ തന്റെ മല്പാനച്ചന്റെ മനസിനു മുഴുവൻ ചേർന്നു നടക്കണമെന്നു കരുതി പ്രവർത്തിച്ചു. 1829 നവംബർ 29-ന് അർത്തുങ്കൽ വച്ച് സ്തബിലീനി മെത്രാനിൽനിന്ന് താൻ പട്ടമേറ്റു. പാലക്കൽ പോരൂക്കര പിതാക്കന്മാരുടെ ഉപദേശമനുസരിച്ച് മെത്രാനോടുകൂടി അർപ്പിച്ച ആദ്യത്തെ ദിവ്യപൂജയിൽതന്നെ മാന്നാനത്തു തുടങ്ങിയിരിക്കുന്ന സംരംഭ പൂർത്തീകരണത്തിനുവേണ്ടി നിയോഗിച്ചു പ്രാർത്ഥിച്ചു. അടുത്ത ഞായറാഴ്ച (മംഗളവാർത്താ കാലം 1-ാം ഞായർ) സ്വന്തം ഇടവക ചേന്നംകരി പള്ളിയിൽ ആഘോഷമായി പൂജ അർപ്പിച്ചപ്പോഴും ഈ നിയോഗമുണ്ടായിരുന്നുവെന്നു വേണം കണക്കാക്കാൻ. അതിനുശേഷം മാർഗനിർദേശം ലഭിക്കാൻ പള്ളിപ്പുറത്തു ചെന്നു മൽപാനെ സന്ദർശിച്ചു. പിന്നെയും സ്വന്തം ഇടവകയിലേക്ക് തിരിച്ച് അവിടെ ഒരുമാസം ചെലവഴിച്ചു. അതിനിടയിൽ പുളിങ്കുന്നു സന്ദർശിക്കുകയും അവിടത്തെ തെക്കേ അങ്ങാടി കപ്പേളയിൽ ജനങ്ങൾക്കായി ഒരു ധ്യാനം നടത്തുകയും ചെയ്തു. അതിന്റെയൊക്കെ ഫലമായി ആ സ്ഥലത്തോട് ഒരു പറ്റിപ്പിടിത്തം ('പറ്റുതൽ', 'പിടുത്തം') തോന്നി. പക്ഷേ, ഈ താമസവും ചുറ്റലും മൽപാന്റെ നിർദേശങ്ങൾക്കു യോജിച്ചതല്ലായിരുന്നു എന്ന് മനസിലാക്കി.

*ആയതിനാൽ ഭയപ്പെട്ടു വീണ്ടും പള്ളിപ്പുറത്തു വന്നു. ആയിടയിൽ അത്രമാത്രം ചുറ്റിയതല്ലാതെ ശേഷം ഒക്കെയും ഈ ഗതിക്കും അഭിപ്രായത്തിനും ചേർന്നവനായിട്ട് ഞാനും ഇങ്ങനെ മൂന്നാൾ അല്ലാതെ മുഴുവൻ മനസുവച്ചു സംബന്ധക്കാരേയും വീടും ഉപേക്ഷിച്ച് പാർപ്പാനും ചെലവുചെയ്യാനും ആരുമില്ല* (കാണുക സം. കൃ: 26).

സ്തബിലീനി മാറി പെഷേത്തോ വികാരി അപ്പസ്തോലിക്കായി വന്ന ശേഷമുണ്ടായ ബുദ്ധിമുട്ടു കാലത്താണ് ('ഞെരിക്കിട'യിൽ) ആശ്രമത്തിനായുള്ള ചാവറയച്ചന്റെ പ്രതിബദ്ധതയും പൂർണ്ണ സമർപ്പണവും വളരെ തെളിവായി കാണാൻ കഴിയുന്നത്- അതും ചെറുപ്പത്തിന്റെ ഉത്സാഹത്തിമിർപ്പിലും ആവേശത്തിലും കൈക്കൊണ്ട സാഹസികമായ ചില കാൽവയ്പ്പുകളിൽ. പുതിയ വികാരി അപ്പസ്തോലിക്ക പെഷേത്തൊ അദ്ദേഹത്തിന്റെ മുൻഗാമിയുടെ ആശിർവാദത്തോടെ പിതാക്കന്മാർ കൈക്കൊണ്ട സംരംഭത്തോട് അത്ര താൽപര്യമില്ലാഞ്ഞിട്ടോ, ചില കുബുദ്ധികളുടെ ആവലാതികൾ കേട്ടിട്ടോ,പിതാക്കന്മാരുടെ അനുസരണഭാവം പരീക്ഷിക്കുന്നതിനോ ചില നടപടികൾ കൈക്കൊണ്ടു. അതിൽ ഒന്നാണ് ചാവറയച്ചനെ മാന്നാനത്തുനിന്നും പള്ളിപ്പുറം വികാരിയായി മാറ്റിയത്. അദ്ദേഹം ഉടനേ അനുസരിച്ചു. പക്ഷേ, വലിയ മനോവേദനയോടെയായിരുന്നു ഇത്. കാരണം താൻ മാന്നാനത്തുനിന്നു പോയാൽ അവിടത്തെ കാര്യങ്ങൾ അവതാളത്തിലാകുമെന്നറിയാമായിരുന്നു.

ഇത്തരുണത്തിൽ ഉത്തമമായ ഉദ്ദേശ്യത്തോടെ, മൂത്തവർ രണ്ടു പേരുടെയും അനുവാദത്തോടെ -അവർക്കു സംശയമുണ്ടായിരുന്നു, മാന്നാനത്തെ സംരംഭത്തെ മുടക്കാനുള്ള നീക്കമാണോ എന്ന് -ചില ചുവടുവയ്പ്പുകൾ എടുത്തു. അവയെ പെഷേത്തെ മെത്രാൻ കണ്ടത്, വിവേകശൂന്യം മാത്രമല്ല, മറുതലഭാവത്തോടുകൂടിയതുമായിട്ടാണ്. ചാവറയച്ചൻ വരാപ്പുഴ പോയി മാന്നാനത്തു നിന്നു തന്നെ മാറ്റിയതിനെക്കുറിച്ച് സങ്കടം ബോധിപ്പിച്ചു. മാന്നാനത്തുനിന്നും താൻ മാറിനിന്നാൽ അവിടത്തെ പണികൾ മുടങ്ങിപ്പോകുമെന്നതുകൊണ്ട് പള്ളിപ്പുറത്തെ നിയമനത്തിൽനിന്നും തന്നെ ഒഴിവാക്കണമെന്നഭ്യർത്ഥിച്ചു. ഇതിനു കൽപ്പന കേൾക്കണമെന്നുമാത്രം കൽപ്പിച്ചു. ചാവറയച്ചൻ വിടാതെ കാര്യങ്ങൾ വിശദീകരിച്ചു:

*വീണ്ടും ഞാൻ കുറെ സങ്കടമായിട്ടെന്നപോലെ പറഞ്ഞു. അപ്പോൾ ആ മുഷ്കരത്വത്തിന്റെ അവസ്ഥ പ്രകാരം തിരിഞ്ഞുകൊണ്ട് 'തന്റെ തന്നിഷ്ടം പോലെ ബോധിച്ചിടത്തു നടക്കണം. മേൽപട്ടക്കാരന്റെ ചൊൽവിളി പിടിച്ചില്ലയോ?' എന്നും കുറെ കർഷിച്ചു കൽപ്പിച്ചതിനാൽ കൽപ്പന അനുസരിച്ചു പോന്നു* (സ.കൃ: 29).

വന്ദ്യനായ ചാവറ പള്ളിപ്പുറത്തെ ജോലി അങ്ങേയറ്റം വിശ്വസ്തതയോടെ നിർവഹിക്കുന്നതിനിടയിൽ മാന്നാനത്തു പോയി അവിടത്തെ കാര്യങ്ങൾ അന്വേഷിക്കുമായിരുന്നു. പള്ളിപ്പുറത്തു സഹായിക്കാൻ പാലക്കൽ മൽപാന്റെ അനന്തരവൻ വർക്കി കത്തനാരെ കിട്ടിയതുകൊണ്ട് കാര്യം എളുപ്പമായി. ഈ വൈദികൻ ഇടവകയിലെ ഒരാളെ ഒരു കുറ്റത്തിന് ഒന്നു തല്ലി. അവിവേകമായ ഈ പ്രവൃത്തി ചാവറയച്ചനു കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കി. ആവലാതികൾ വരാപ്പുഴയെത്തി. വികാരി അപ്പസ്തോലിക്കാ അദ്ദേഹത്തിന് ഒരു കൽപ്പന അയച്ചു. മെത്രാന്റെ എഴുത്താലുള്ള അനുവാദം കൂടാതെ പള്ളിപ്പുറത്തുനിന്നും എട്ടു ദിവസത്തിലധികം മാറിനിൽക്കാൻ പാടില്ലെന്ന് . വിശുദ്ധാത്മാവിന്റെ സങ്കടം വർധിച്ചു. എന്നാൽ, നിരാശനാകാതെ മുന്നോട്ടുതന്നെ പോയി. ഇതിനിടയ്ക്കു പാലയ്ക്കലച്ചൻ സെമിനാരിയിലും കൊല്ലം പ്രദേശങ്ങളിലേക്ക് സ്ഥലംമാറ്റപ്പെട്ട പോരൂക്കര അച്ചൻ അവിടെയും ഉത്തമസേവനം ചെയ്തിരുന്നതു മെത്രാനച്ചനു സന്തോഷം നല്കിയതായി തോന്നി . അതു കൊണ്ട് അദ്ദേഹത്തിന്റെ മനസുമാറിക്കാണുമെന്നു ചാവറയച്ചൻ ഊഹിച്ചു. പക്ഷേ, ഈ നിഗമനം ശരിയായിരുന്നില്ല. "എന്റെ അറിവുകേടും ചെറുപ്പവും കൊണ്ട് എന്നേ പറയാനുള്ളു" എന്ന് അദ്ദേഹം പിന്നീട് ദുഃഖിക്കുകയാണ് ചെയ്തത്.

കാര്യങ്ങൾ ശരിയാകുമെന്ന പ്രതീക്ഷയോടെ, മല്പാന്റെ അനുഗ്രഹം സ്വീകരിച്ച് വരാപ്പുഴയ്ക്ക് പുറപ്പെട്ടു. മെത്രാൻ തിരുമേനിയെക്കണ്ട് പള്ളിപ്പുറത്തെ വികാരിത്വം

മാറ്റിക്കൊടുക്കണമെന്നു വിനയപുരസരം അപേക്ഷിച്ചു. ആദ്യം ഒരുത്തരവും കിട്ടിയില്ല. അതുകഴിഞ്ഞു നടന്ന സംഗതികൾ ചാവറയച്ചൻ വിവരിക്കുന്നു :

*വീണ്ടും പൈതങ്ങളുടെ സിദ്ധാന്തം പോലെ ഞാൻ
പറഞ്ഞു: "വർക്കി കത്തനാരച്ചൻ വികാരിത്വം നടത്തുവാൻ
കൊള്ളാവുന്ന പട്ടക്കാരൻ ആകുന്നു. ഇതല്ലാതെ മല്പാ
നച്ചനു ചടപ്പാകയാലും അവിടെത്തന്നെ പഠിപ്പിക്കുന്നതി
നാലും വേണ്ടിയ കാര്യങ്ങളൊക്കെയും അദ്ദേഹംതന്നെ
പറഞ്ഞു നടത്തിക്കുന്നതും ആകയാൽ മനോഗുണമായിട്ട്
അയാൾക്ക് വികാരിത്വം കൊടുക്കണം" എന്നും പറഞ്ഞ
പ്പോൾ താൻ പോകുക എന്നു കൽപ്പിച്ചാറെ ഞാൻ
ക്ലേശിച്ചു. അപ്പോൾ കൽപ്പിച്ചു "താൻ ചെന്ന് അയാളെ
ഇങ്ങോട്ടു പറഞ്ഞയക്കുക" എന്ന്. അപ്പോൾ ഞാൻ പറ
ഞ്ഞതായത് "എനിക്കു ചെന്നാലുടൻ മാന്നാനത്തിനു
പോകണം. അയാൾ കൂദാശയും മറ്റും അറിയുന്നവനാ
കുന്നു" എന്ന്. ഈ എന്റെ വകതിരിവില്ലാത്ത ഉത്തരം കേട്ട
പ്പോൾ പെ.ബ. അച്ചൻ സ്വരം പുറപ്പെടുവിച്ചുകൊണ്ട്
കസേരയോടുകൂടി തിരിഞ്ഞു. ഞാൻ അധികം ഭയപ്പെട്ടു
പോയി. അപ്പോൾ പിതാവിനടുത്ത ഉപവിയോടുകൂടി
കൽപ്പിച്ചു. "താൻ ചെറുപ്പം. ഇങ്ങനെയോ മേൽപ്പട്ടക്കാ
രുടെ മുൻപിൽ ഉത്തരിക്കേണ്ടത്? തന്റെ മനസുപോലെ
നടക്കണം. ആ! ആ! ഇതിനോ പട്ടമേറ്റത്? ഇപ്പോൾത്തന്നെ
മുടക്കുവാൻ ആവശ്യം. പോ! പോ!" എന്നുള്ള കൽപ്പന
കേട്ട് ഞാൻ ഭയപ്പെട്ടു. മുട്ടുകുത്തി കൈമുത്തി ഇറങ്ങു
കയും ചെയ്തു.*

*എന്നാൽ മിഖായേൽ [മെത്രാനച്ചന്റെ സെക്രട്ടറി
മൈക്കൾ കൊറിഞ്ചു] പാദ്രി എന്നെ മുടക്കി ഒന്നും പറ
യാതിരിപ്പാൻ. അതെന്ത്യേ അദ്ദേഹത്തിനു പരിചയ
ത്താലും മറ്റും മെത്രാപ്പോലീത്താച്ചന്റെ ഭാവം പകർന്നിരി
ക്കുന്നുവെന്നു തിരിഞ്ഞു. എന്നാൽ, താഴെയിറങ്ങി വീണ്ടും
വിചാരിച്ചപ്പോൾ അധികം ഭയപ്പെട്ടു. അതെന്ത്യേ പട്ടാങ്ങ
യാലെ എന്നെ മുടക്കുവാൻതക്ക ഉത്തരങ്ങളായിപ്പോയി.
ഞാൻ പറഞ്ഞത് എന്റെ അറിവുകേടും കൊവേന്തയുണ്ടാ
കണമെന്നുള്ള താത്പര്യവുംകൊണ്ടത്രേ ഇങ്ങനെ പറയു
ന്നത് എന്നു നിരൂപിച്ച് അന്ന് എന്നോട് അധികം ക്ഷമിച്ചു.
വീണ്ടും മറ്റ് ഓരോരുത്തർക്കുള്ള കല്പന കേൾക്കുമ്പോൾ
ഒക്കെയും എന്നോടു ക്ഷമിച്ചതിനെയും എന്റെ തിരിവി
ല്ലായ്കയും ഞാൻ വിചാരിക്കും. ഇങ്ങനെ പുറപ്പെട്ട്
വീണ്ടും പള്ളിപ്പുറത്തു വന്ന് വർക്കിയച്ചനെ വരാപ്പുഴയ്ക്ക്
അയച്ചാറെ മനോഗുണമായി വികാരിത്വം കൊടുക്കുകയും
ചെയ്തു (സ.കൃ. 31).*

ചാവറയച്ചൻ ചെയ്തത് അവിവേകമായിപ്പോയിരിക്കാം.
പക്ഷേ, അദ്ദേഹത്തിന്റെ സുവിശ്വാസവും ഉത്തമ ഉദ്ദേ
ശ്യവും വളരെ വ്യക്തമാണ്. മാന്നാനത്തെ ആശ്രമത്തേ
ക്കുറിച്ചുള്ള തീക്ഷ്ണതയാണ് ഈ സാഹസ
ങ്ങൾക്കൊക്കെ പ്രേരകമായത്. ഇവയിലെല്ലാം നാം കാണു
ന്നത് മൂത്തവർ രണ്ടുപേരും പിൻനിരയിൽ നില്ക്കുന്നതും
ചാവറയച്ചൻ മുൻപിൽ പ്രവർത്തിക്കുന്നതുമാണ്. ഒരു
പക്ഷേ, പാലക്കലച്ചന്റെ മരണത്തിനു മുൻപുതന്നെ അദ്ദേ
ഹത്തിന്റെ 'സമ്പത്തിന്' കൊവേന്തയുടെ വേലയെന്ന
സമ്പത്തിന് അവകാശിയായി നിയമിതനായ ചാവറയച്ചൻ
നേതൃനിലയിലേക്കു നീങ്ങിത്തുടങ്ങിയെന്നും മൂത്തവർ
അതിൽ സന്തോഷിച്ചുവെന്നും എന്നുള്ള ഒരു പ്രതീതി
യല്ലേ നമുക്കുണ്ടാകുക? ഈ സംഭവങ്ങൾക്കുശേഷം
അദ്ദേഹം എഴുതുന്നു:

*അന്നുമുതൽ ഞാൻ മുഴുവനായിട്ടു കൊവേന്തക്കാര
നെപ്പോലെ മാംസ സംബന്ധക്കാരിൽനിന്നും നീങ്ങി
വരവും ചിലവും അവിടെത്തന്നെയെന്നു നിശ്ചയിച്ചു (സ.
കൃ. 32).*

ഇതിൽനിന്നെല്ലാം നമുക്ക് അനുമാനിക്കാനാവുന്നത് ചാവറയച്ചൻ സി.എം.ഐ സഭയുടെ സ്ഥാപക പിതാക്കന്മാരുടെ നിരയിൽ നില്ക്കുന്ന ആളാണെന്നാണ്. ഈ സത്യം കൂടുതൽ ഉറപ്പിക്കുവാൻ ചില പ്രമുഖ വ്യക്തികളുടെ സാക്ഷ്യങ്ങൾകൂടി ചേർത്തുകൊള്ളട്ടെ.

### *പ്രമുഖ വ്യക്തികളുടെ സാക്ഷ്യങ്ങൾ*

അദ്ദേഹത്തിന്റെ ആത്മപിതാവും സഭയുടെ പ്രൊവിൻഷ്യൽ ഡെലഗേറ്റുമായിരുന്ന ലെയോപോൾദ് ഒ.സി.ഡി തന്റെ ഡയറിയിൽ 1871 ജനുവരി മൂന്നിന് എഴുതിവച്ചു:

*തിരുക്കുടുംബത്തിന്റെ കുരിയാക്കോസ് ഏലിയാസച്ചൻ കളങ്കമറ്റ ഒരു ജീവിതം നയിച്ചശേഷം ഇന്നു ദിവംഗതനായി. മലബാറിലെ [കർമ്മലീത്ത] സഭയുടെ സ്ഥാപകനും ആദ്യ പ്രിയോരുമായ ഇദ്ദേഹം സന്യാസിനികൾക്കായി ഒരു മഠവും സ്ഥാപിച്ചു.*

ആ ആണ്ടിൽത്തന്നെ ലെയോപോൾദച്ചൻ മലയാളത്തിൽ ചാവറയച്ചന്റെ ഒരു ലഘു ജീവചരിത്രവും എഴുതുകയുണ്ടായി. അതിൽ അദ്ദേഹം പറയുന്നു: തോമസ് പാലക്കൽ, തോമസ് പോരൂക്കര 'നമ്മുടെ കുരിയാക്കോസ് ചാവറ' അച്ചന്മാർ ഒരു ആശ്രമം തുടങ്ങാൻ നിശ്ചയിച്ചു (Vithuvattical: 7). അദ്ദേഹംതന്നെ കർമ്മലീത്താ ജനറാളിന് 1870- ലാണെന്നു തോന്നുന്നു, ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.അതിലും ഈ ആശയംതന്നെ സൂചിപ്പിക്കുന്നുണ്ട് (Positio : 1896).

ചാവറയച്ചന്റെ പിൻഗാമി,രണ്ടാമത്തെ പൊതുപ്രിയോരായിരുന്ന പോരൂക്കര കുറിയാക്കോസ് ഏലീശാച്ചൻ എഴുതുന്നു:

*[മലയാളത്തിൽ പുത്തനായി സ്ഥാപിച്ച കർമ്മലീത്താ നിഷപാദുക മൂന്നാം സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരും മലയാളത്തിന്റെ മൽപാനും വികാരി ജനറാളും ആയ കുറിയാക്കോസ് ഏലിയ... എന്ന ഞങ്ങളുടെ പിതാവ്... (പോരൂക്കര: 31).]*

### ചാവറയച്ചൻ തനിച്ച് ഉത്തരവാദിത്വം ഏല്ക്കുന്നു

നേരത്തേ സൂചിപ്പിച്ചതുപോലെ രണ്ടു പിതാക്കന്മാരുടെ ദേഹവിയോഗത്തിനു മുൻപുതന്നെ ചാവറയച്ചൻ പലതിനും നേതൃത്വം നല്കിത്തുടങ്ങി. എന്നാൽ, പോരൂക്കരയുടെ മരണശേഷം നേതൃത്വത്തിന്റെ ഭാരം മുഴുവൻ അദ്ദേഹത്തിന്റെ ചുമലിലായി. ഇതിനെക്കുറിച്ച് കുറിയാക്കോസ് പോരൂക്കര ചാവറയച്ചന്റെ സംക്ഷിപ്ത ജീവചരിത്രത്തിൽ എഴുതുന്നു:

*ഇതിനിടയിൽ ഞങ്ങളുടെ ഒന്നാമത്തെ ശ്രേഷ്ഠനും ക.നി.മൂ. സഭയുടെ ഒന്നാമത്തെ സ്ഥാപകനുമായ പാലക്കൽ തോമ്മാ മല്പാനച്ചൻ 1841-ാം കാലം മകരം 16-ാംതീയതിയും രണ്ടാമത്തെ ശ്രേഷ്ഠനും സ്ഥാപകനുമായ പോരൂക്കര തോമ്മാ മല്പാനച്ചൻ 1846-ാം കാലം മകരം 8-ാംതീയതിയും തുടങ്ങിയ വേലകളുടെ പൂർണതകൾ കാൺമാൻ ഇടവരാതെ, ചെയ്ത വേലകളുടെ സമ്മാനം കൈക്കൊള്ളുന്നതിനായി ദൈവത്തിന്റെ പക്കൽ പോയി. ഇവരിരുവരും പ്രിയോരച്ചനെ [ചാവറയച്ചനെ] എല്ലാം ഏല്പിച്ചുകൊണ്ടത്രെ മരിച്ചത്... ഈ വന്ദ്യപിതാക്കളുടെ മരണത്താലും ആരംഭിച്ചു നടത്തിവന്നിരുന്ന ഭാരപ്പെട്ട ഈ ചുമട് തന്റെമേൽ വന്നിരുന്നതിനാലും എത്രയും വ്യാകുലപ്പെട്ടു. എങ്കിലും തന്റെ ഏറ്റിക്കപ്പെട്ട എളിമയാൽ ദൈവത്തിന്മേലും, മാതാവിന്റെയും യൗസേപ്പുപിതാവിന്റെയും മദ്ധ്യസ്ഥത്തിന്മേലും ഉറച്ചുകൊണ്ട് സ്വാഭാവികമായി തനിക്കുണ്ടായിരുന്ന സാധുഗുണത്തോടുകൂടെ തന്റെ മുന്നോരുടെ പിന്നടിയിൽ അവരുടെ ചുമടുകൊണ്ടു നടപ്പാൻ തുടങ്ങി... (പോരൂക്കര: 34).*

ചാവറയച്ചൻ തനിച്ചു നിർവഹിച്ച കാര്യങ്ങൾ കുറിയാ

ക്കോസച്ചൻ തന്നെ വിവരിക്കുന്നുണ്ട്: ജനസമ്മതവും ആരോഗ്യവുമുള്ള അംഗങ്ങളുടെ സംഖ്യ വർദ്ധിച്ചു. അവർ എല്ലായിടത്തും പോയി ധ്യാനങ്ങൾ നടത്തുകയും പ്രസംഗിക്കുകയും ചെയ്തിരുന്നതുകൊണ്ട് എവിടെയും ഒരു ആദ്ധ്യാത്മിക ഉണർവു വന്നു. ആശ്രമപണിക്ക് ധാരാളം ധർമ്മം ലഭിച്ചു. 1855-ൽ നിയമാവലി സമൂഹത്തിനു ലഭിച്ചു. അതനുസരിച്ച് ചാവറയച്ചനും മറ്റു പത്ത് അംഗങ്ങളും 1855 ഡിസംബർ എട്ടിനു അമലോത്ഭവ മാതാവിന്റെ തിരുനാൾദിവസം സന്യാസവ്രതങ്ങൾ എടുത്തു. ചാവറയച്ചൻ പൊതുപ്രിയോരായി നിയമിതനായി. അങ്ങനെ 1831-ൽ തുടങ്ങിയ സംരംഭം ഇരുപത്തിനാലാം വർഷം പൂർത്തിയായി. അതിനുശേഷം ദൈവഭവനമായ ആശ്രമത്തിൽ നല്ല ശിക്ഷണവും നിയമങ്ങളുടെ സൂക്ഷ്മമായ അനുവർത്തനവും എളിമ, അനുസരണം എന്ന പുണ്യങ്ങളുടെ അഭ്യസനവും നന്നായി നടന്നു. അംഗങ്ങൾ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഊന്നിയ സുകൃതജീവിതത്തിന്റെ ഉച്ചിയിൽ വ്യാപരിക്കയും ഉത്തമമാതൃക കൊണ്ടും ഉപദേശങ്ങളാലും മറ്റുള്ളവർക്ക് പുണ്യവഴിയിൽ നടക്കാൻ പ്രോത്സാഹനം നല്കുകയും ചെയ്ത് എല്ലാവരെയും പ്രബുദ്ധരാക്കി. ചാവറയച്ചന്റെ നിര്യാണത്തിനു മുമ്പുതന്നെ അഞ്ചു പുതിയ ആശ്രമങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. റോക്കോസിന്റെ വിഭജന ഉദ്യമത്തെ പരാജയപ്പെടുത്തി സുറിയാനിക്കാരുടെ വികാരി ജനറാളായും മറ്റു പലവിധത്തിലും കേരളസഭയ്ക്ക് ആകമാനം വലിയ സേവനങ്ങൾ അദ്ദേഹം കാഴ്ചവച്ചു.

***സമാപനം***

ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ സി.എം.ഐ സഭയുടെ സ്ഥാപകത്രയത്തിൽ ഒരാളാണെന്നുള്ളതിനു സംശയം അവശേഷിക്കുന്നില്ല. അദ്ദേഹത്തിന്റെ നാമകരണാർത്ഥം രൂപീകൃതമായ ചരിത്ര കമ്മീഷന്റെ അദ്ധ്യക്ഷൻ മോൺ. കുര്യൻ വഞ്ചിപ്പുര ഇതെല്ലാം അനുസ്മരിച്ചുകൊണ്ടു പ്രസ്താവിക്കുന്നത്, ചാവറയച്ചൻ സി.എം.ഐ സ്ഥാപകൻ എന്ന പദവിക്ക് പ്രത്യേക വിധത്തിൽ അർഹനാണെന്നാണ്. വാഴ്ത്തപ്പെട്ടവന്റെ ഒരു നല്ല ജീവചരിത്രം ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള പ്രഫ. കെ. സി. ചാക്കോ സാക്ഷിക്കുന്നത്: "ചാവറയെ ഞാൻ മനസ്സിലാക്കിയിരിക്കുന്നത് സി.എം.ഐ സഭയുടെ സ്ഥാപകരിൽ പ്രമുഖനായിട്ടാണ് ." (Positio: 102, 625). പാലക്കൽ, പോരൂക്കര പിതാക്കന്മാരുടെ മരണശേഷം ചാവറയച്ചൻ നിർവഹിച്ച കാര്യങ്ങൾ കണക്കിലെടുത്ത് അഭിവന്ദ്യ ജയിംസ് കാളാശേരി മെത്രാനച്ചൻ 1939-ൽ കുറിച്ചിട്ടുള്ള വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കാം:

*ഇനി കേരള സുറിയാനി കർമ്മലീത്താ സഭയുടെ സ്ഥാപകൻ കുര്യാക്കോസ് ഏലിയാസച്ചനാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ... (വലേരിയൻ: ii).*

**സൂചിത ഗ്രന്ഥങ്ങൾ**

- *The Carmelite Congregation of Malabar,* Trichinopoly: 1932.

- *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ,* വാല്യം 1, മാന്നാനം: 1981 (സ. കൃ.)

- *അമലോത്ഭവ കന്യകാ മറിയത്തിന്റെ കർമ്മല സഭ: നിയമാവലി & ഡയറക്ടറി,* എറണാകുളം: 1984.


- Lucas Vithuvattical CMI, ed., *A Short Biography of Blessed Kuriakose Chavara,* by Fr. Leopold Beccaro of St. Joseph O.C.D., Mannanam: 2003

- A. Mathias Mundadan CMI, *History and Beyond.* Aluva: 1997.

- പോരൂക്കര കുറിയാക്കോസ് ഏലീശ, *പോരൂക്കര പെ.ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം, ചാവറ പെ.ബ. കുറിയാക്കോസ് മല്പാനച്ചന്റെ ചരിത്രം, മലയാളത്തിലെ ക.നി.മൂ. സഭയുടെ സ്ഥാപക പിതാക്കന്മാർ,* (മാന്നാനം 1905). പുനഃപ്രസിദ്ധീകരണം, എറണാകുളം:1989, PP 19-40.

- *Positio Super Introductione Causae et super Virtutibas* (Cyriaci Eliae Chavara)", Vatican: 1977.

- വലേരിയൻ, സി.ഡി., *മലങ്കര സഭാ മാതാവിന്റെ ഒരു വീര സന്താനം,* മാന്നാനം: 1939 (Reprint ,1963).



*മാന്നാനം പള്ളിയിൽ ചാവറയച്ചന്റെ ഞായറാഴ്ച പ്രസംഗം - രാമചന്ദ്രൻ മാസ്റ്ററുടെ ഭാവനയിൽ*